ചാലക്കുടിയിലെ പനമ്പിള്ളി കോളേജ്

407 [753] ശ്രീ. കെ.ജെ. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലുള്ള പനമ്പിള്ളി കോളേജ് പുതിയ കെട്ടിടത്തിൽ തുടങ്ങുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ;

(ബി) പണി മിക്കവാറും കഴിഞ്ഞ ഈ കെട്ടിടം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് പുതിയ കെട്ടിടത്തിൽ പനമ്പിള്ളി കോളേജ് തുടങ്ങാത്തത് എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കാമോ;

(സി) ഇനി ഈ കെട്ടിടത്തിൽ ചെയ്തുതീർക്കുവാൻ എന്തൊക്കെയാണ് ബാക്കിയുള്ളത് എന്നു വിശദമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടം പണി പൂർണ്ണമാകാത്തതുകൊണ്ടാണ് പുതിയ കെട്ടിടത്തിൽ കോളേജ് ആരംഭിക്കാത്തത്.

(സി) വൈദ്യുതീകരണവും ജലവിതരണ സൗകര്യങ്ങളും ജനൽ, വെൻറിലേറർ എന്നിവയുടെ ഷട്ടർ ഘടിപ്പിക്കലും പൂർത്തിയാകാനുണ്ട്.

പോളിടെക്നിക്കുകൾ തുടങ്ങാൻ ലഭിച്ച അപേക്ഷകൾ

408 [754] ശ്രീ. കെ.പി.എ. മജീദ്:

" പി.കെ. കുഞ്ഞാലിക്കുട്ടി:

" എ.വി. അബ്ദുറഹിമാൻ ഹാജി:

" ഇ.ടി. മുഹമ്മദ് ബഷീർ:

" നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കാൻ എത്ര അപേക്ഷകൾ ഗവൺമെൻറിനു ലഭിച്ചു;

(ബി) ജില്ല തിരിച്ചുള്ള കണക്കു വിശദമാക്കാമോ?

ഉത്തരം

(എ) 106 അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly